**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1199** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിൽ ഫിഷറീസ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ റോഡുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ 2021-25 കാലഘട്ടത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത വിവിധ ആനുകൂല്യങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഹരിപ്പാട് മണ്ഡലത്തിൽ 2021-25 കാലഘട്ടത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത വിവിധ ആനുകൂല്യങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ ഫിഷിംഗ് ഹാർബറിൽ ഇപ്പോൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധ പ്രവർത്തനങ്ങൾക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ ഈ ഫിഷിംഗ് ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | നബാർഡ് RIDF XXVII – പദ്ധതിയിൽ ഉൾപ്പെടുത്തി 1668 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ ഇന്റേണൽ റോഡിന്റെ നിർമ്മാണം, വാട്ടർ സപ്ലൈ അറേഞ്ച്മെന്റ് - ബാലൻസ് പ്രവൃത്തി എന്നിവ പുരോഗമിച്ച് വരുന്നു. കൂടാതെ PMMSY പദ്ധതിയിൽ ആലപ്പാട് അഴീക്കൽ ഡ്രെഡ്ജിംഗിനായി 527.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം കരാറിലേർപ്പെട്ടിട്ടുണ്ട്.<br><br>ഈ ഫിഷിംഗ് ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ നബാർഡ് RIDF XXVII ൽ ഉൾപ്പെടുത്തി അഡീഷണൽ വാർഫ്, ഓക്ഷൻ ഹാൾ, കവേർഡ് ലോഡിംഗ് ഏരിയ, ലോക്കർ റൂം, നെറ്റ് മെൻഡിംഗ് ഷെഡ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, കാന്റീൻ, റെസ്റ്റ് റൂം, കോമ്പൗണ്ട് വാൾ, പാർക്കിംഗ് ഏരിയ എന്നിവയുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഇന്റേണൽ റോഡ്, വാട്ടർ സപ്ലൈ അറേഞ്ച്മെന്റ്, ഡ്രെഡ്ജിംഗ് പ്രവൃത്തി എന്നിവ കൂടി പൂർത്തീകരിക്കുന്നതോടെ മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധന പ്രവർത്തനങ്ങൾക്കും പൂർണ്ണ തോതിൽ പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**നിയമസഭ ചോദ്യം നം. 1199 -** ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ

**(ലിസ്റ്റ് എ)**

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 2024-25 | | | |
| 1 | മുതുകുളം ഗ്രാമപഞ്ചായത്തിലെ വാർഡ് 12, 13 ലുൾപ്പെട്ട ഉമ്മർമുക്ക് ചക്കിലിക്കടവ് റോഡ് | 100.00 ലക്ഷം | ഫില്ലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. |
| 2025-26 | | | |
| 1 | കുമാരപുരം ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 1 ൽ തെറ്റിമൂട്ടിൽ പാലം റോഡും 100 മീ പിച്ചിഗും | 80.90 ലക്ഷം | ആദ്യത്തെ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്. |
| 2 | മുതുകളം പഞ്ചായത്ത് വാർഡ് 8,9 വാർഡിലെ വാരാണപള്ളി – ഗുരമന്ദിരം - - പള്ളിമുക്ക് – പുലത്തറ റോഡ് | 50.00 ലക്ഷം | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 3 | തൃക്കുന്നപ്പുഴ പഞ്ചായത്ത് വാർഡ് 11 കാട്ടിച്ചിറ മുട്ടേൽ റോഡ് | 44.00 ലക്ഷം | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 4 | കുമാരപുരം പഞ്ചായത്ത് വാർഡ് 5, 11, 12 നാരകത്തറ മണികണ്ഠൻ ചിറ റോഡിൽ കാവാറാട്ട് ക്ഷേത്രം വരെയുള്ള റോഡ് | 50.00 ലക്ഷം | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

**ലിസ്റ്റ് – (ബി)**

I. **തീരദേശ റോഡുകളുടെ പുനരുദ്ധാരണം.**

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| **2021-22** | | | |
| 1 | പിള്ളേർകടവ് മുതൽ ധന്യാ ഓഡിറ്റോറിയം വരെയുള്ള റോഡ് | 76.90 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | കന്നുകാലിപാലം തപസ്യാ ജംഗ്ഷൻ ബ്രദേഴ്സ് കടവ് റോഡ് | 72.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| **2022-23** | | | |
| 1 | കൊച്ചീടെ ജെട്ടി ജംഗ്ഷൻ മുതൽ ഫിഷ് മീൽ പ്ലാന്റ് റോഡ് | 98.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | റ്റി.ബി. ജംഗ്ഷൻ കുറ്റിമുക്ക് റോഡ് | 50.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| **2023-24** | | | |
| 1 | തൃക്കുന്നപ്പുഴ പഞ്ചായത്തിലെ വാർഡ് 10 ലെ പണിക്കരേത്ത് റോഡ് | 34.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പാണ്ടവജ്ജി റോഡ് | 34.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| **2025-26** | | | |
| 1 | ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 5 ലെ തോട്ടുപുറം പോരട്ടി റോഡ് | 24.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |

II. **മറ്റ് പദ്ധതികൾ**

**നബാർഡ് RIDF XXVII - ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വലിയഴീക്കൽ ഫിഷിംഗ് ഹാർബർ അഡീഷണൽ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് പ്രവൃത്തികൾ.**

| | | | |
|---|---|---|---|
| 1 | അഡീഷണൽ വാർഫ്, ഓക്ഷൻ ഹാൾ, കവേർഡ് ലോഡിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം | 1668 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ലോക്കർ റൂമിന്റേയും നെറ്റ് മെൻഡിംഗ് ഷെഡിന്റേയും നിർമ്മാണം | | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ നിർമ്മാണം | | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 4 | അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ | | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | കാന്റീൻ, റെസ്റ്റ് റൂം എന്നിവയുടെ നിർമ്മാണം | | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | കോമ്പൗണ്ട് വാളിന്റെ നിർമ്മാണം | | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | കോമ്പൗണ്ട് വാളിന്റെയും പാർക്കിംഗ് ഏരിയായുടേയും ഒന്നാംഘട്ട നിർമ്മാണം | | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | ഇന്റേണൽ റോഡിന്റെ നിർമ്മാണം | | ജി.എസ്.ബി ഫില്ലിംഗ് പൂർത്തീകരിച്ചു. റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 9 | വാട്ടർ സപ്ലൈ അറേഞ്ച്മെന്റ് - ബാലൻസ് പ്രവൃത്തി | | 75% പ്രവൃത്തി പൂർത്തീകരിച്ചു |

## അനുബന്ധം – II

**സാഫ്**

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്.

2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)

5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50,000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതികൾ മുഖേന അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ചെറുകിടതൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി(ഡിഎംഇ) | 19 | 54 | 52,47,125/- |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 21 | 64 | 6,35,000/- |
| 3 | ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 10 | 50 | 20,25,000/- |
| 4 | സാങ്കേതിക നവീകരണ പദ്ധതി | 3 | 10 | 1,06,048/- |
| ആകെ | | 53 | 178 | 80,13,173 |

**KSCADC മുഖേന നടത്തുന്ന പദ്ധതികൾ**

PMMSY – ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ആറാട്ടുപുഴ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| a) | കായംകുളം കായലിൽ കൂട് കൃഷി നടപ്പിലാക്കൽ | 619.50 | കൂട് സ്ഥാപിക്കൽ പൂർത്തീകരിച്ചു. മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |
| b) | അക്വാ ഹബ് നിർമ്മാണം | | പുരോഗമിക്കുന്നു. |
| c) | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | | പൂർത്തീകരിച്ചു. |
| d) | ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ നിർമ്മാണം | | പുരോഗമിക്കുന്നു. |
| e) | ബോട്ട് ജെട്ടി നിർമ്മാണം | | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. |
| f) | റീ ഫില്ലിംഗ് പ്രവൃത്തി | | പൂർത്തീകരിച്ചു. |
| g) | 100 L കപ്പാസിറ്റിയുള്ള 500 ഐസ് ബോക്സ് വിതരണ പദ്ധതി | | പൂർത്തീകരിച്ചു. |
| h) | 20 സോളാർ ഡ്രയറുകൾ സ്ഥാപിക്കുന്ന പദ്ധതി | | പുരോഗമിക്കുന്നു. |

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ 2021-25 കാലഘട്ടത്തിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുനർഗേഹം പദ്ധതി : 1338.86/- ലക്ഷം രൂപ ഹരിപ്പാട് മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

2. മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി (10,064/–ലക്ഷം രൂപ). 326 ഗുണഭോക്താക്കൾ. പദ്ധതി തുടരുന്നു.

3. മത്സ്യത്തൊഴിലാളികൾക്ക് SQUARE MESH CODE END വിതരണം ചെയ്യുന്ന പദ്ധതി (22142/–രൂപ). പദ്ധതി തുടരുന്നു.

4. പ്രതിഭാ തീരം പദ്ധതി (4.0215/–ലക്ഷം രൂപ). മൂന്ന് ലൈബ്രറി. പദ്ധതി തുടരന്നു.

5. സമ്പാദ്യ സമാശ്വാസ പദ്ധതി (891.79/–ലക്ഷം രൂപ). 31547 ഗുണഭോക്താക്കൾ

6. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (170 ലക്ഷം രൂപ). 62 ഗുണഭോക്താക്കൾ. പദ്ധതി തുടരുന്നു.

7. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന – IMCFV ആറാട്ടുപ്പുഴ – ആധുനിക മത്സ്യ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് 750 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് 500 ഐസ് ബോക്സ് വിതരണം നടത്തിയിട്ടുണ്ട്.

8. ജനകീയ മത്സ്യകൃഷി (196.38 ലക്ഷം രൂപ). 1385 ഗുണഭോക്താക്കൾ. പദ്ധതി നടന്നു കൊണ്ടിരിക്കുന്നു.

9. തീരോന്നതി അറിവ് ബോധവത്കരണ ക്യാമ്പ് (95,469/–രൂപ). 4 ക്യാമ്പുകൾ നടന്നു. 10 ബോധവത്കരണ ക്യാമ്പുകൾ ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്നു.

**<u>മത്സ്യഫെഡ് മുഖേന നടത്തുന്ന പദ്ധതികൾ</u>**

1. <u>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) –</u>

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ നൽകി വരുന്നു. പ്രസ്തുത വായ്പ പലിശ രഹിതമായിട്ടാണ് 2018 – 19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്. കൂടാതെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ മത്സ്യലേലം നടപ്പിലാക്കി വരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടു വരുന്നതിനുമായി സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ടി പദ്ധതി വഴി നൽകി വരുന്നു. ഈ പദ്ധതി വഴി നിയോജകമണ്ഡലത്തിലെ 14 സംഘങ്ങൾ വഴി 632 പേർക്ക് 1336.77 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

<u>(2) ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടിയുള്ള വായ്പാ പദ്ധതികൾ</u>

**(എ) മൈക്രോഫിനാൻസ്**

ഒരാൾക്ക് പരമാവധി 60,000/– രൂപ വരെ രണ്ട് വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകി വരുന്നു.

**(ബി) ടേം വായ്പകൾ**

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ 3 വർഷ കാലാവധിയിലും, സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 5 വർഷം കാലാവധിയിലുമാണ് വിതരണം ചെയ്തു വരുന്നത്. കൂടാതെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് വിദ്യാഭ്യാസ വായ്പയും നൽകി വരുന്നു.

മേൽ പദ്ധതികൾ വഴി 3321 ഗുണഭോക്താക്കൾക്ക് 3475.24 ലക്ഷം രൂപ വായ്പ വിതരണം ചെയ്തിട്ടുണ്ട്.

3) നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി

നാടൻ വള്ളങ്ങൾ യന്ത്രവത്കരിക്കുന്നതിന് 10 എച്ച്.പി-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ മോട്ടോറൈസേഷൻ സബ്സിഡിയും, 10 എച്ച്.പി-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് വലയുടെ വിലയുടെ 25% പരമാവധി 10000/- രൂപ വരെ വലയ്ക്കുള്ള സബ്സിഡിയും നൽകി വരുന്നു. ഈ പദ്ധതി വഴി നിയോജകമണ്ഡലത്തിലെ സംഘങ്ങൾ വഴി 2.60 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

4.സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം ഭരണസമിതി നിലവിലുള്ളതും, എന്നാൽ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതുമായ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ച് വരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് ഭരണസമിതിയുടെ തീരുമാന പ്രകാരം സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ഈ പദ്ധതി വഴി 4 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

5.പ്രധാൻ മന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി (PMMSY)

a. പ്രസ്തുത പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി വള്ളം (Replacement) വല, എഞ്ചിൻ എന്നിവ നൽകുന്നതിന് ഒരു യൂണിറ്റിന് 5 ലക്ഷം രൂപ ആണ്. 60 % വായ്പയും 40% സബ്സിഡിയോടും കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

b. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FFPOs) ആയി ശാക്തീകരിക്കുന്നതിനായി 14 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

ലോൺ ഡിസ്ട്രസ്സ് റിലീഫ് സ്കീം (LDRS)

മൈക്രോഫിനാൻസ് വായ്പ/സ്ത്രീകൾക്കുള്ള പലിശ രഹിത വായ്പ എന്നിവ സ്വീകരിക്കുന്ന ഗുണഭോക്താക്കൾക്ക് മാരകമായ അസുഖം/ മരണപ്പെടുന്നവവരുടെ ലോൺ എഴുതിതള്ളുന്ന ഈ പദ്ധതി പ്രകാരം 62 പേരുടെ 10.52 കോടി രൂപയുടെ വായ്പ എഴുതിതള്ളിയിട്ടുണ്ട്.

7. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടം/ അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 62.62 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

മണ്ണെണ്ണ ഉപയോഗം കുറയ്ക്കുവാനായി നിലവിൽ ഉപയോഗിച്ചു വരുന്ന മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പകരം പെട്രോൾ എഞ്ചിൻ ആക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ടി പദ്ധതി പ്രകാരം മണ്ണെണ്ണ എഞ്ചിൻ മാറ്റി പെട്രോൾ എഞ്ചിൻ വാങ്ങുന്നതിനായി 50% സബ്സിഡി (പരമാവധി 50,000/- രൂപ വരെ) പദ്ധതിയിലൂടെ നൽകുന്നു. 2024-25 സാമ്പത്തീക വർഷത്തിൽ ടി പദ്ധതി പ്രകാരം ഹരിപ്പാട് മണ്ഡലത്തിലുള്ള 4 മത്സ്യത്തൊളിലാളികൾക്ക് ആകെ Rs. 2,00,000/- രൂപ (Rs. 50,000/- per beneficiary) വിതരണം ചെയ്തിരുന്നു.